# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. T 3645 - 23/08/2017 - ലെ മറുപടിക്ക്**

## റബ്ബർ കർഷകർക്ക് വിലസ്ഥിരത ഫണ്ട് കുടിശ്ശിക

**ചോദ്യം** **ഉത്തരം**

**ശ്രീ.മോൻസ് ജോസഫ്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | റബ്ബർ കർഷകർക്ക് നൽകുന്നതിനുള്ള വിലസ്ഥിരത ഫണ്ട് സബ്സിഡി അടക്കം 150 രൂപ നിരക്കിൽ സംസ്ഥാനസർക്കാർ എത്ര മാസത്തെ കുടിശ്ശികയാണ് കൊടുത്തുതീർക്കുവാനുള്ളത്; | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2017 ജൂലൈ 17-ാം തീയതി വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച എല്ലാ ബില്ലുകളിന്മേലുമുള്ള സബ്സിഡി തുക റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിൽ എത്ര കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; സബ്സിഡിത്തുക അതത് മാസം തന്നെ കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ; | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2016-17 പദ്ധതി വർഷത്തിലെ സെയിൽസ് ബില്ലുകളിന്മേൽ 2,77,175 റബ്ബർ കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നിലവിൽ റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നത്. |
| (സി) | സബ്സിഡി നൽകുന്ന വിലസ്ഥിരത പദ്ധതിയിൽ എത്ര കോടി രൂപയുടെ കുടിശ്ശികയാണ് ഇപ്പോൾ ഉള്ളത് എന്നറിയിക്കാമോ; ഈ വർഷം ഇതുവരെ ഒരു കർഷകന് പോലും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല എന്ന പരാതി ഗൗരവമായി പരിശോധിക്കുമോ; ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | 2017 ജൂലൈ 17-ാം തീയതിക്കു ശേഷം ഇതുവരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച സെയിൽസ് ബില്ലുകളിന്മേലുള്ള 21.12 കോടി രൂപയാണ് ഇനി വിതരണം ചെയ്യാനുള്ളത്. ഈ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നടപ്പു കലണ്ടർ വർഷം ഇതുവരെ 8,56,230 സെയിൽസ് ബില്ലുകളിന്മേൽ 164.48 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ജി.എസ്.ടി നടപ്പാക്കിയതിനു ശേഷം സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; ഇപ്പോൾ പദ്ധതിക്ക് നേരിടുന്ന കാലതാമസ ത്തിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടോ യെന്നറിയിക്കാമോ; ആയതു പരിഹരി ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ജി.എസ്.ടി. -യുടെ ഭാഗമായി സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ടതില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം തടസ്സങ്ങളില്ലാതെ സുഗമമായി നടപ്പിലാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**